"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - 'സാന്ത്വന' പദ്ധതി - കൊല്ലം ജില്ല - മരണാനന്തര ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1070/2024/NORKA തീയതി,തിരുവനന്തപുരം, 11-11-2024

പരാമർശം:-
1. സ.ഉ.(കൈ.) നമ്പർ 4/2003/നോർക്ക തീയതി 30.10.2003
2. സ.ഉ.(കൈ.) നമ്പർ 4/2013/നോർക്ക തീയതി 01.06.2013
3. നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 09.09.2024 തീയതിയിലെ റൂട്ട്സ്/4205/2024/കെ.എൽ.എം നമ്പർ കത്ത്.

**ഉത്തരവ്**

'സാന്ത്വന' പദ്ധതി പ്രകാരം ധനസഹായം അഭ്യർത്ഥിച്ച് കൊല്ലം ജില്ലയിൽ നിന്നും ലഭിച്ച ചുവടെച്ചേർക്കുന്ന അപേക്ഷകളിന്മേൽ, നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ചും ഓരോ അപേക്ഷകരുടെയും തനത് പരിതസ്ഥിതിയും കൂടി കണക്കിലെടുത്തും ചുവടെ പ്രതിപാദിക്കും പ്രകാരം മരണാനന്തര ധനസഹായം അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | അപേക്ഷകരുടെ പേരും, എസ്.എ.എൻ.റ്റി. നമ്പരും | അനുവദിച്ച തുക |
|---|---|---|
| 1 | ശ്രീമതി ജയകുമാരി ബി.<br>SANT No. 34214 | ₹ 70,000/-<br>(എഴുപതിനായിരം രൂപ മാത്രം) |
| 2 | ശ്രീമതി ഗിരിജ ആർ.<br>SANT No. 34182 | ₹ 25,000/-<br>(ഇരുപത്തി അയ്യായിരം രൂപ മാത്രം)<br>പുനർവിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിന് വിധേയമായി |
| 3 | ശ്രീമതി സിനി<br>SANT No. 34114 | ₹ 1,00,000/-<br>(ഒരു ലക്ഷം രൂപ മാത്രം)<br>ബാങ്ക് പാസ്സ്ബുക്കിലെ മേൽവിലാസം മറ്റ് രേഖകളിൽ നിന്ന് വ്യത്യസ്തമായതിനാൽ രണ്ടും ഒരാൾ തന്നെയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് വിധേയമായി |

| | | |
|---|---|---|
| 4 | ശ്രീമതി ജിഷ ജോർജ്ജ<br>SANT No. 33989 | ₹ 1,00,000/-<br>(ഒരു ലക്ഷം രൂപ മാത്രം)<br>ബാങ്ക് പാസ്സ്ബുക്കിലെ മേൽവിലാസം മറ്റ് രേഖകളിൽ നിന്ന് വ്യത്യസ്തമായതിനാൽ രണ്ടും ഒരാൾ തന്നെയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്,<br>പുനർവിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതിന് വിധേയമായി |
| 5 | ശ്രീമതി ഉദയകുമാരി എസ്.<br>SANT No. 33980 | ₹ 70,000/-<br>(എഴുപതിനായിരം രൂപ മാത്രം) |
| 6 | ശ്രീമതി പ്രീത ഒ.<br>SANT No. 33940 | ₹ 1,00,000/-<br>(ഒരു ലക്ഷം രൂപ മാത്രം)<br>പുനർവിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് വിധേയമായി |
| 7 | ശ്രീമതി സുധർമ്മ ടി.<br>SANT No. 26969 | ₹ 1,00,000/-<br>(ഒരു ലക്ഷം രൂപ മാത്രം) |
| 8 | ശ്രീമതി സോമലത ആർ.<br>SANT No. 32578 | ₹ 40,000/-<br>(നാൽപതിനായിരം രൂപ മാത്രം) |
| 9 | ശ്രീമതി സിന്ധു എസ്.<br>SANT No. 33550 | ₹ 70,000/-<br>(എഴുപതിനായിരം രൂപ മാത്രം) |

2. മേൽ പരാമർശിക്കുന്ന അപേക്ഷകർക്ക് സാന്ത്വന പദ്ധതി പ്രകാരം മുൻപ് ധനസഹായം നൽകിയിട്ടില്ല എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം അനുവദിച്ച തുക അപേക്ഷകർക്ക് നൽകുന്നതിനാവശ്യമായ നടപടികൾ നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാജിമോൻ ജെ
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.

(അപേക്ഷകളുടെ അസ്സൽ ഉള്ളടക്കം ചെയ്യുന്നു)

സെന്റർ മാനേജർ, നോർക്ക-റൂട്ട്സ് മേഖല കാര്യാലയം, തിരുവനന്തപുരം.

(ധനസഹായം അനുവദിച്ച വിവരം അപേക്ഷകരെ അറിയിക്കേണ്ടതാണ്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.

കരുതൽ ഫയൽ (ബി1/305/2024/നോർക്ക) / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Githin. S. V
Date: 14-11-2024 11:46:04

സെക്ഷൻ ഓഫീസർ